# Friday Sermon / വെള്ളിയാഴ്ച ഖുത്തുബ 01/08/14

## (04 SHAWWAL 1435 Hijiri)

## Hazrat Khalifathullah Munir Ahmad Azim (A)

സലാമിനും, തശഹ്ഹുദ്, തഅവ്വദ്, സൂറഃഅൽഫാത്തിഹയ്ക്കുശേഷം മുഹ്‌യിദ്ദീൻ (റ) വിശുദ്ധ ഖുർആൻ 8-ാം അധ്യായത്തിലെ 26-ാം വചനം ഓതി **“ നിങ്ങളിൽ നിന്ന് അധർമ്മം പ്രവർത്തിച്ചവരെ മാത്രം ബാധിക്കുന്നതല്ലാത്ത ഒരു പരീക്ഷണത്തെ സൂക്ഷിച്ചുകൊള്ളുക. തീർച്ചയായും അല്ലാഹു കഠിനമായി ശിക്ഷ നല്കുന്നവനാണ് എന്ന് അറിഞ്ഞുകൊൾക’’.**

വിശുദ്ധ ഖുർ ആൻ പ്രഖ്യാപിച്ചതുപോലെ, മനുഷ്യൻ മനസ്സിലാക്കേണ്ട ഒരു കാര്യം ജനനം ഉണ്ടായാൽ തീർച്ചയായും മരണവും ഉണ്ടാകുന്നതാണ്. പരമോന്നതനായ അല്ലാഹു പറയുന്നു. **‘‘എല്ലാ ഓരോ ആത്മാവും മരണത്തെ രുചിക്കുന്നതാണ്. തിന്മകൊണ്ടും നന്മകൊണ്ടും നാം നിങ്ങളെ പരീക്ഷിക്കുന്നു. നമ്മുടെ അടുക്കലേക്ക് തന്നെ തിരിച്ചുകൊണ്ടു വരുന്നതുമാണ്.’’ 21:36**

അനസ് (റ) റിർപ്പോർട്ട് ചെയ്ത ഒരു പ്രവാചക വചനത്തിൽ ഇപ്രകാരം പറയുന്നു. ‘‘ മതകാര്യങ്ങൾ അനുഷ്ഠിക്കുന്നത് തങ്ങളുടെ കൈകളിൽ തീക്കട്ടകൾ എടുക്കുന്നതിനു സമാനമായ ഒരു കാലം വരുന്നതാണ്.’’ (തിർമിദി) ഈ ഹദീസിലൂടെ വ്യക്തമാക്കുന്നത്. അനേകം ആളുകൾ മതകാര്യങ്ങൾ അനുഷ്ഠിക്കുന്നത് ഒരു ഭാരമായി കാണുന്ന ഒരു കാലം വരുമെന്നാണ്. തീക്കട്ടകൾ തങ്ങളുടെ കൈകളിൽ എടുക്കുന്നത് പ്രയാസകരമായി തോന്നുന്നതുപോലെ അവർക്ക് മതകാര്യങ്ങൾ അനുഷ്ഠിക്കുന്നത് പ്രയാസകരമായി തോന്നുന്നതാണ്. നമ്മുടെ പ്രിയങ്കരരായ പ്രവാചക പ്രഭു (സ) തന്റെ ഉമ്മത്തിന് മുന്നറിയിപ്പ് നല്കുകയുണ്ടായി. ഖിയാമത്തു നാളിനുമുമ്പ് വളരെയധികം ഫിത്നകൾ പൊട്ടിപ്പുറപ്പെടുന്നതാണ്. അതു ചിലപ്പോൾ അന്ധകാരം പോലെ ആയിരിക്കും. അതിൽ നിന്നും സത്യവിശ്വാസികൾക്ക് പുറത്തുകടക്കുവാൻ ഒരു വഴിയും കാണുകയില്ല. ആ ഫിത്നകൾ ഭയാനകങ്ങളും, അപകടങ്ങൾ നിറഞ്ഞതുമായിരിക്കും. അനേകം വിശ്വാസികൾക്ക് തങ്ങളുടെ വിശ്വാസം നഷ്ടപ്പെടുന്നതായിരിക്കും. അനേകം വിശ്വാസികൾ മതകാര്യങ്ങൾ ഒട്ടും തന്നെ അനുഷ്ഠിക്കുന്നവരായിരിക്കില്ല. ചിലർക്ക് പ്രഭാതത്തിൽ ഈമാൻ ഉണ്ടായിരിക്കും. എന്നാൽ വ്യക്തിപരമായ നേട്ടത്തിനായി; അഥവാ അക്രമികളുടെ അധീശാധികാരത്താൽ, അല്ലെങ്കിൽ സത്യനിഷേധിയുടെ സ്വാധീനത്താൽ, മധ്യാഹ്നത്തിൽ അവരുടെ വിശ്വാസം നഷ്ടപ്പെടും. കാരണം അവർ വിശ്വാസത്തിൽ ദുർബലരാണ്. ഇസ്ലാമിന്റെ പാതയിൽ ഉറച്ചു നില്ക്കുന്നത് പ്രയാസകരമായി അവർക്ക് അനുഭവപ്പെടുന്നതാണ്.’’

ഹലാലും, ഹറാമും ശ്രദ്ധിക്കാതിരിക്കുന്നവരും ജനങ്ങളിലുണ്ട്. മുസ്ലീംകൾ ഹലാലിനെയും ഹറാമിനെയും ഗൗനിക്കേണ്ടതിന്റെ ആവശ്യകതയെക്കുറിച്ച് ബുഖാരിയിൽ ഹദീതുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

മിഷ്ക്കാത്തിലും ഇതു സംബന്ധമായി പ്രവാചക പ്രഭു പറഞ്ഞതായി രേഖപ്പെടുത്തിയിട്ടുണ്ട്. നബി(സ) പറഞ്ഞു. ‘‘ഇസ്ലാമിലെ നിർബന്ധകാര്യങ്ങൾ അനുഷ്ഠിക്കുന്നതിനോടൊപ്പം, ഓരോ മുസ്‌ലിമും അനുവദനീയമായ ആഹാരം മാത്രമെ കഴിക്കാവൂ എന്നും അതു നിഷ്ക്കർഷിക്കുന്നു.’’

നബീകരിം (സ) നമ്മെ മനസ്സിലാക്കി തന്നിട്ടുണ്ട്. ഹറാമായ ആഹാരം കലർത്താതെ ഹലാലായ ആഹാരംമാത്രം ഒരു വ്യക്തി 40 ദിവസം തുടർച്ചയായി ഭക്ഷിച്ചാൽ (അത് ആഹാരമാകാം, ആഹാരസാധാനങ്ങളാകാം, ആഹാരസാധനങ്ങൾ സംഭരിക്കുന്നവഴികളാകാം ) പരമോന്നതനായ അല്ലാഹു അവന്റെ ഹൃദയത്തിൽ പ്രകാശം നിറയ്ക്കുന്നതാണ് . അവന്റെ ഹൃദയത്തിൽ നിന്ന് നന്മയുടെ ഉറവിടം പ്രകടമാകുന്നതാണ്, ബുദ്ധിയുടെ പ്രഭാവം ഉത്ഭവിക്കുന്നതാണ് .പരമോന്നതനായ അല്ലാഹു വിശുദ്ധ ഖുർആനിലൂടെ ഇക്കാര്യം പഠിപ്പിച്ചുതന്നിട്ടുള്ളതാകുന്നു.വിശുദ്ധ ഖുർആനിൽ അല്ലാഹു (ത) പറയുന്നു .മനുഷ്യരെ ഭൂമിയി

ലുള്ളതിൽ നിന്ന് നിയമാനുസൃതവും ശുദ്ധവുമായത് നിങ്ങൾ ഭക്ഷിക്കുവിൻ. പിശാചിന്റെ ചവിട്ടടികളെ നിങ്ങൾ പിൻപറ്റരുത്. തീർച്ചയായും അവർ നിങ്ങളുടെ പ്രത്യക്ഷ ശത്രുവാകുന്നു.ദുഷ് കൃത്യത്തിനും നീച പ്രവർത്തനത്തിനും നിങ്ങൾക്ക് വിവരമില്ലാത്ത കാര്യങ്ങൾ അല്ലാഹുവിന്റെ പേരിൽ ആരോപിക്കുന്നതിനും മാത്രമാണ് അവൻ (പിശാച്) നിങ്ങളോട് കല്പിക്കുക. (2:169,170)

ഹസ്രത് ഇബ്നു അബ്ബാസ് (റ) റിപ്പോർട്ട് ചെയ്യുന്നു.അദ്ദേഹം മുകളിൽ സൂചിപ്പിച്ച ഖുർആൻ വചനങ്ങൾ വിശുദ്ധ പ്രവാചകൻ (സ) ന്റെ മുമ്പാകെ ഓതികേൾപ്പിക്കുകയുണ്ടായി.അപ്പോൾ ഹസ്രത് സഅദ്ബ്ന് അബീവഖാസ് (റ) എഴുന്നേറ്റുനിന്നു പറഞ്ഞു. അല്ലയോ അല്ലാഹുവിന്റെ ദൂതരെ .അല്ലാഹുവിനോട് ഞാൻ പ്രാർത്ഥിക്കുന്ന എല്ലാ പ്രാർത്ഥനകളും സ്വീകരിക്കുവാനായി അങ്ങ് ദുആചെയ്താലും. അപ്പോൾ പ്രവാചകർ (സ) പ്രതിവചിച്ചു. ഹേ സഅദേ, ഹലാലായ ഭക്ഷണം മാത്രം ഭക്ഷിക്കുക .അങ്ങനെയായാൽ നിന്റെ പ്രാർത്ഥനങ്ങൾ അല്ലാഹു സ്വീകരിക്കും .ആരുടെ കൈകളിലാണോ എന്റെ ജീവൻ കുടിക്കൊള്ളുന്നത് അവനെക്കൊ് സത്യം .ആരെങ്കിലും ഒരുപിടി ഹറാമായ ഭക്ഷണം ഭക്ഷിച്ചാൽ അല്ലാഹു അവന്റെ പ്രാർത്ഥനകൾ 40 ദിവസത്തേക്ക് സ്വീകരിക്കുകയില്ല.

പ്രവാചക പ്രഭു തുടർന്നു പറഞ്ഞു .ധാരാളം ആളുകളുണ്ട്. അവരുടെ ഭക്ഷണവും അവരുടെ വസ്ത്രവും ഹറാമായ മാർഗ്ഗത്തിലൂടെ ആജ്ജിച്ചതാണ് .എന്നിട്ട് അവർ പ്രാർത്ഥനയ്ക്കായി കൈഉയർത്തുന്നു. .അപ്പോൾ എങ്ങനെയാണ് അവരുടെ പ്രാർത്ഥനകൾ സ്വീകരിക്കുന്നത് . അതുപോലെ സാമ്പത്തികമായി സഹായിക്കുന്നവരുണ്ട്. അവർ സദഖയും സംഭാവനയും നല്കുന്നു അവർ നേടിയ ഹറാമായ ധനത്തിൽ നിന്നും, ഈ പ്രവർത്തി ഒരാൾ തന്റെ അഴുക്കായ വസ്ത്രം മൂത്രത്തിൽ കഴുകുന്നതുപോലെയാണ് .ഈ കഴുകൽ മൂലം കൂടുതൽ അശുദ്ധത ഉാവുക മാത്രമാണ് ചെയ്യുന്നത്.അല്ലാഹു (ത) ഹലാലായ മാർഗ്ഗത്തിലുള്ള ധനസമ്പാദനം മാത്രമാണ് ഇഷ്ടപ്പെടുന്നത് (ഹലാലായ ധനവുമായി ) അത്തരത്തിലുള്ളവരെ അവൻ നിദ്രയിലേക്ക് പോകുന്നകിനു മുമ്പ് തന്നെ അല്ലാഹു അവനെ ഇഷ്ടപ്പെടുന്നു .ഹസ്രത് ഹുസൈഫ (റ) ഖിയാമത്തിന്റെ അടയാളങ്ങളിലൊന്നിനെ ഇപ്രാകരം റിപ്പോർട്ട് ചെയ്തിരിക്കുന്നു. വിശുദ്ധ പ്രവാചകൻ (സ) പറഞ്ഞു .നിങ്ങളുടെ ഇമാമിനെ നിങ്ങൾ വധിക്കുവോളം ഖിയാമം വരുകയില്ല, അതുപോലെ പരസ്പരം ആയുധമെടുത്തു പോരാടുവോളം ഖിയാമം വരുകയില്ല .(ആസമയത്ത് അധികാരം അക്രമികളുടെ കൈകളിലായിരിക്കും) തിർമിദി.

മുകളിൽ പറഞ്ഞ ഹദീസിൻ പ്രകാരമുള്ള ഖിയാമ അടയാളം സന്മാർഗ്ഗദർശികളായ ഖലീഫമാരുടെ കാലത്ത് പുലരുകയുണ്ടായി. ഇസ്ലാമിന്റെ ചരിത്രം ഇതിന് ആദ്യമായി സാക്ഷ്യം വഹിച്ചത് പ്രതികാരദാഹികളായ ഈജിപ്ഷ്യൻ മുസ്ലീംകൾ സത്യവിശ്വാസികളുടെ നേതാവായ ഹസ്രത് ഉസ്മാൻ (റ) നെ ഹിജ്റ 35 ൽ വധിച്ചതോടെയാണ് .പിന്നീട് ഹിജ്റ 61 മുഹർറം 10 ന് കൂറെ മുസ്ലിംങ്ങൾ, യസീദിന്റെ പട്ടാളക്കാർ, കർബലയിൽവെച്ച് ഹസ്രത് ഇമാം ഹുസൈൻ (റ) നെ വധിച്ചതിലൂടെയാണ്.

അബൂഹുറൈറ (റ) റിപ്പോർട്ട് ചെയ്യുന്നു.പ്രാവചകർ (സ) പറഞ്ഞു .ആരുടെ കൈകളിലാണോ എന്റെ ജീവൻ കുടികൊള്ളുന്നത് അവനെക്കൊു സത്യം ,ഒരാൾ ഒരു ഖബറിനടത്തുകൂടി കടന്നുപോകുകയും ,അതിന്റെ മുകളിൽ ഉരുളുകയും ,ഞാൻ ഇതിനകത്തായിരുന്നായിരുന്നെങ്കിൽ എത്രനന്നായിരുന്നുവെന്ന് ആഗ്രഹിക്കുകയും ചെയ്യുവോളും ലോകം അവസാനിക്കുകയില്ല. - മുസ്ലിം

അബുഹുറൈറ (റ) റിപ്പോർട്ട് ചെയ്യുന്നു.മുഹമ്മദ് (സ) പറഞ്ഞു, ധനാധിക്യം ഉണ്ടാകുന്നതുവരെ ഖിയാമത്ത് സംഭവിക്കുകയില്ല.ആ കാലഘട്ടത്തിൽ ധാരാളം സമ്പത്ത് ഉണ്ടായിരിക്കും. അന്ന് സക്കാത്ത് കൊടുക്കുവാൻ ആഗ്രഹിക്കുമെങ്കിലും അത് സ്വീകരിക്കുവാൻ ആരും ഉണ്ടായിരിക്കുകയില്ല. മുസ്ലിം-മിശ്ക്കാത്ത് - നിങ്ങളിൽ ധനം കുന്നുകൂടുവോളം ഖിയാമം സംഭവിക്കുകയില്ല. ധനവാന്മാർ അന്ന് ദുഖിതരായി കാണപ്പെടും. കാരണം അവർ പറയും ഞങ്ങളുടെ സദഖകൾ സ്വീകരിക്കുവാൻ ആരെയെങ്കിലും കണ്ടിരുന്നുവെങ്കിൽ (എന്നവർ നിരാശയോടെ പറയുന്നതാണ് ) (ഖുഖാരി- മുസ്ലിം) തുടർന്ന് പ്രവാചകർ ഖിയാമത്തിന്റെ ആറ് അടയാങ്ങൾ പറയുകയുണ്ടായി. അതിലെ ഒരടയാളം, അന്ന് ധാരാളം ധനം ഉണ്ടായി

രിക്കും. ഒരാൾ 100 ദിനാർ (സ്വർണ്ണനാണയങ്ങൾ ) രണ്ടാമനു നല്കുമ്പോൾ അവൻ രോഷാകുലനായി പറയും എനിക്കിത് മതിയാവുകയില്ല. (ബുഖാരി).

നിങ്ങൾ ചിന്തിച്ചു നോക്കുക. സദഖ കൊടുക്കാൻ ആഗ്രഹിക്കുമ്പോൾ നിങ്ങൾ അഭിമുഖീകരിക്കുന്ന ബുദ്ധിമുട്ടുകൾ! ആ നിശ്ചിത സമയം ആസന്നമാകുമ്പോൾ, മുഖങ്ങൾ വിവർണ്ണങ്ങളാകും, ഭൂമികുലുങ്ങി താഴും. കൽമഴകൾ വർഷിക്കും. മുഹമ്മദ് (സ) യുടെ ഉമ്മത്തിൽ തന്നെയുള്ളവർ മദ്യപാനികളായി തീരും. സംഗീതജ്ഞരുടെ സംഗീതത്തിൽ ഹർഷോന്മത്തരായി തീരും. പ്രത്യേകിച്ച് സ്ത്രീ സംഗീതജ്ഞരുടെ. അങ്ങനെ അവർ നഷ്ടപ്പെട്ടവരായി തീരും. ഈ ഉമ്മത്തിൽ ഇതെല്ലാം സംഭവിക്കും. അനേകം ആളുകളെ ഈ തിന്മക ളിൽ ആപതിപ്പിക്കും. ഈ തിന്മകൾക്കെതിരിൽ യഥാർത്ഥത്തിൽ ഒരു പരിഹാരവും കാണുകയില്ല.

അവസാന ദിനങ്ങളിലെ തെറ്റുകുറ്റങ്ങളിൽ നിന്നും അല്ലാഹു നമ്മെ സംരക്ഷിക്കട്ടെ! അവനോടുള്ള സന്തോഷം നമ്മെ ആസ്വദിപ്പിക്കട്ടെ! ഹൃദയത്തിൽ അല്ലാഹുവിനെ ഭയന്നുകൊണ്ട് ഓരോ പ്രവർത്തിയും ചെയ്യുവാൻ അവൻ നമ്മെ പ്രാപ്തമാക്കട്ടെ...ആമീൻ


Translated & Issued By

**R. Jamaludin Raother**

**Amir**

Jamaat-Ul-Sahih-Al-Islam, Kerala South zone

*Ph: 9447001832 / 0475 2220223*

*email : jamal.raother@gmail.com*

*www.jamaat-Ul-Sahih-Al-Islam.com*


*****************